**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **06-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പാച്ചാക്കിൽ തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട പാച്ചാക്കിൽ തോട് നവീകരണത്തിനു തയ്യാറാക്കിയ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഉൾപ്പെട്ട പാച്ചാക്കൽ തോട് നവീകരണത്തിനു വേണ്ടി തയ്യാറാക്കിയ 2 കോടി രൂപയുടെ പദ്ധതിയ്ക്ക് G.0.(Rt)No. 88/2021/WRD dated 06/02/2021 പ്രകാരം അനുമതി നൽകുകയും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തിയുടെ സൈറ്റ് 13.08.2021-ാം തീയ്യതി കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്യേണ്ട ഭാഗങ്ങളിൽ തോടിന്റെ പുറമ്പോക്ക് ഭൂമി അളന്ന് അതിർത്തി നിർണ്ണയിക്കുന്നതിനു വേണ്ടിയുള്ള സർവ്വെ നടപടികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനു വേണ്ടി തഹസിൽദാർ (ഭൂരേഖ) കോഴിക്കോടിന് അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, കോഴിക്കോട് മൈനർ ഇറിഗേഷൻ സബ് ഡിവിഷനിൽ നിന്നും കത്ത് നൽകിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വെ വിഭാഗം സ്ഥല പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പദ്ധതി നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | സർവ്വെ പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രവൃത്തി എത്രയും വേഗം പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ